ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഗവണ്മെന്റ് സർവ്വീസിൽ ഇപ്പോഴും വളരെ ഒഴിവുകളുണ്ട്. ഇങ്ങനെയുള്ളവരെ നിയമിക്കുന്നതിനു യാതൊരു തടസ്സവുമുണ്ടാകാൻ ഇടയില്ല നിയമനം നടത്തേണ്ടതു P. S. C. ആണ്.

ശ്രീമതി എ. നഫീസത്തുബീവി : ഡാക്ടർമാരുടെ കാര്യം പരിഹരിക്കാൻ ഇനിയും കാലതാമസം വരുമെന്നാണു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു, അങ്ങനെയാണെങ്കിൽ ആലപ്പുഴ ഡിസ്പെൻസറിയിൽനിന്നു ട്രാൻസ്ഫർ ചെയ്ത ഐ സ്പെഷ്യലിസ്റ്റിനെ വീണ്ടും അവിടെ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? അവിടെ ഐ സ്പെഷ്യലിസ്റ്റ് ഇല്ലാത്തതുകൊണ്ടു വളരെ വിഷമം നാട്ടുകാർ അനുഭവിക്കുന്നുണ്ട്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡാക്ടർമാരുടെ വിഷമം പരിഹരിക്കാൻ വളരെക്കാലമൊന്നും വേണ്ട ഈ പദ്ധതിയുടെ അവസാനത്തോടുകൂടി പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു. ആലപ്പുഴ ഡിസ്പെൻസറിയിൽ ഇപ്പോഴും ഐ സ്പെഷ്യലിസ്റ്റ് ഇല്ലാത്തതുനിമിത്തം കുറെ ബുദ്ധിമുട്ടുണ്ടെന്നു അറിയാം. പക്ഷേ കൊല്ലത്തെ ഐ സ്പെഷ്യലിസ്റ്റ് ആഴ്ചയിൽ രണ്ടു പ്രാവശ്യം ആലപ്പുഴ ആശുപത്രിയിൽ പോകുന്നുണ്ട്. സ്പെഷ്യലിസ്റ്റ്സ് ഇല്ലാത്തതുകൊണ്ടാണു പ്രത്യേകം നിയമിക്കാത്തതു.

ശ്രീ. കെ. അനിരുദ്ധൻ : സ്പെഷ്യലിസ്റ്റ്സ് കുറവാണെന്നു പറഞ്ഞു. തിരുവനന്തപുരത്തു മെഡിക്കൽ കാളേജാശുപത്രിയിൽ ഡെന്റൽ കാളേജിൽ നിന്നു അടുത്തകാലത്തു പാസ്സായി പുറത്തുവന്നിട്ടുള്ള ഡാക്ടർമാർക്കു ജോലി നൽകാൻ സാധിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതു ഡെന്റൽ കാളേജിലെ ഡാക്ടർമാരെ സംബന്ധിച്ച ചോദ്യമല്ല. അവിടെ ഇപ്പോഴും ജോലിയില്ലാതെ ആരെങ്കിലും ഉണ്ടോ എന്നു അറിവില്ല. അങ്ങനെ ഉണ്ടെങ്കിൽ ശ്രദ്ധയിൽ പെടുത്തിയാൽ അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കൊല്ലത്തെ ഐ സ്പെഷ്യലിസ്റ്റ് 900 രോഗികളുള്ള നൂറനാട് കുഷ്ഠരോഗാശുപത്രിയിലും പോകണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കയാണു. ഡാക്ടർ വിചാരിച്ചാൽതന്നെ സാധിക്കാത്ത നിലയുള്ള നൂറനാട് ആശുപത്രിയിലേക്കു ഒരു പ്രത്യേക ഐ സ്പെഷ്യലിസ്റ്റിനെ നിയമിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഐ സ്പെഷ്യലിസ്റ്റിനെ കിട്ടാത്തതുകൊണ്ടാണു നിയമിക്കാതിരിക്കുന്നതു. കാളിഫൈഡ് ഹാൻഡിനെ കിട്ടാത്തതുകൊണ്ടാണു വിഷമം. അടുത്ത കാലത്തു പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സു കഴിഞ്ഞു വരുന്ന ഒരു സ്പെഷ്യലിസ്റ്റിനെ കിട്ടാൻ സാദ്ധ്യതയുണ്ട്.

ശ്രീ. എ. എ. റഹീം : വളരെയധികം രോഗികളുള്ള കൊല്ലം ആശുപത്രിയിലെ സ്പെഷ്യലിസ്റ്റിനെ ട്രെയിനിംഗ് ഡാക്ടറായി നിയമിക്കുന്നതു വിഷമമായതുകൊണ്ട്, ആ ഡാക്ടറെ കഴിയുന്നതും അങ്ങനെ അയയ്ക്കാതിരിക്കാൻ ഏർപ്പാടുചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കൂടുതൽ ആളിനെ കിട്ടുന്നതുവരെ ഈ നടപടി സ്വീകരിക്കുകയല്ലാതെ നിവൃത്തിയില്ല.

വിലക്കയറ്റത്തിനെതിരായ നിരാഹാരസത്യാഗ്രഹം

* 500. [11] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തിനെതിരായി സ്റ്റേറ്റിലെവിടെയെങ്കിലും സക്കാർ ആഫീസുകളുടെമുമ്പാകെ നിരാഹാരസത്യാഗ്രഹം നടക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സത്യാഗ്രഹികളും ഉന്നയിച്ച ആവശ്യങ്ങളും എന്തെല്ലാമായിരുന്നു;

(സി) അവ പരിഹരിക്കാൻവേണ്ടി ഗവണ്മെന്റു എന്തെല്ലാം നടപടികളെടുത്തുവരുന്നു ?

ക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ഉണ്ടായി. 23–12–63-ൽ കൊല്ലം, കരുനാഗപ്പള്ളി, കൊട്ടാരക്കര എന്നീ താലൂക്കു് ആഫീസുകളുടെയും കൊല്ലം, കൊട്ടാരക്കര മുതലായ താലൂക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വില്ലേജു് ആഫീസുകളുടെയും മുമ്പിലും, 6–1–1964–ൽ കോഴിക്കോട്ടു് കളക്ടറേറ്റിലും, ആ ജില്ലയിലെ താലൂക്കാഫീസുകളുടെ മുമ്പിലും, 10–1–1964–ൽ ശ്രീ. ഈ. പി. ഗോപാലൻ എം. എൽ. എ. യും സുമാർ അമ്പതോളം ആളുകളും ചേന്നു് പെരിന്തൽമണ്ണ താലൂക്കു് ആഫീസിനുമുമ്പിലും ഓരോ ദിവസത്തെ സത്യാഗ്രഹം നടത്തുകയുണ്ടായി.

(ബി, സി) സത്യാഗ്രഹികളും എല്ലാ കളക്ടറേറ്റുകളിലും താലൂക്കു് ആഫീസുകളിലും സമർപ്പിച്ച മെമ്മോറാണ്ടം ഏറെക്കുറെ ഒരേ രീതിയിലുള്ളതായിരുന്നു. മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ വിവരിക്കുന്നവയാണു്:

(1) ന്യായവില ഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന അരിയുടെ അളവു് ആഴ്ചയിൽ മൂന്നിടങ്ങഴിയാക്കി ഉടനെ വർദ്ധിപ്പിക്കുക.

ഓരോന്നിനും ഗവണ്മെൻറിനുള്ള മറുപടി കൂടി പറഞ്ഞേക്കാം. മൂന്നിടങ്ങഴി അരി നൽകാൻ ഇപ്പോഴും ബുദ്ധിമുട്ടുണ്ടു്. തുടർച്ചയായി രണ്ടിടങ്ങഴി പോലും കൊടുക്കാൻ സൗകര്യം ഇപ്പോഴും ഇല്ലാതിരിക്കുകയാണു്. ഇൻഡ്യാ ഗവണ്മെൻറിൽനിന്നു കൂടുതൽ അനുവദിക്കാതിരിക്കുന്നിടത്തോളം മൂന്നിടങ്ങഴി നൽകാൻ സാദ്ധ്യമല്ല.

(2) ന്യായവില ഷാപ്പുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതലായി അനുവദിക്കുക.

അത്യാവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ കൂടുതൽ ഷാപ്പുകളും അനുവദിക്കാവുന്നതാണു്.

(3) ഇങ്ങനെ വർദ്ധിച്ച തോതിൽ വിതരണം നടത്തുന്നതിനു കൂടുതൽ അരി കേന്ദ്രത്തിൽനിന്നു ആവശ്യപ്പെടുക.

കഴിവുള്ളിടത്തോളം കൂടുതലായി തരണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു്. ലഭിക്കുന്ന മുറയ്ക്കു വിതരണം നടത്താവുന്നതാണു്.

(4) ക്ഷ്യധാന്യങ്ങളുടെ മൊത്തക്കച്ചവടം ഗവണ്മെൻറു് ഏറ്റെടുക്കുക.

മൊത്തക്കച്ചവടം ഗവണ്മെൻറിനു് ഏറ്റെടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അതു് അഖിലേന്ത്യാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട ഒരു നയമാണു് കേന്ദ്രത്തിൽനിന്നു ഒരു തീരുമാനം എടുത്തതിനുശേഷമേ സംസ്ഥാന ഗവണ്മെൻറിനു എന്തെങ്കിലും ചെയ്യാൻ നിവൃത്തിയുള്ളു.

(5) 300-ലധികം തൊഴിലാളികളും വേല ചെയ്യുന്ന സ്ഥാപനങ്ങളിൽ, അരിക്കുപുറമേ മീതു നിത്യോപയോഗസാധനങ്ങളും വിതരണംചെയ്യുന്നതിനുള്ള സ്റ്റോറുകളും തുടങ്ങുക.

35 സ്റ്റോറുകളും ഇപ്പോഴും തന്നെ തുറന്നിട്ടുണ്ടു്. അതു വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയെടുക്കാം.

(6) സാധനങ്ങളുടെ വില നിയന്ത്രിക്കുകയും പ്രധാനപ്പെട്ട നിത്യോപയോഗസാധനങ്ങളും സഹകരണസ്റ്റോറുകളും ചെറുകച്ചവടക്കാരും നിയന്ത്രിതവിലയ്ക്കു് കിട്ടാനുള്ള ഏർപ്പാടുകളുണ്ടാക്കുകയും ചെയ്യുക.

അതിനും കുറെ ബുദ്ധിമുട്ടുണ്ടു്. ഇവിടെ മാത്രം വില നിയന്ത്രിച്ചാൽ പോരാ. അഖിലേന്ത്യാ നിലവാരത്തിൽ സാധനങ്ങളുടെ വില നിയന്ത്രിച്ചാൽ മാത്രമേ ഈ ആവശ്യം നിവ്വഹിക്കപ്പെടുകയുള്ളു. ചില സാധനങ്ങളെ സംബന്ധിച്ചുമാത്രം ഇവിടെ വില നിയന്ത്രിച്ചാൽ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(7) സാധനങ്ങളുടെ വില വിവരം കടകളിൽ എല്ലാവരും കാണത്തക്ക വിധം എഴുതി വയ്ക്കണമെന്ന നിയമം ഊർജ്ജിതമായി നടപ്പിൽ വരുത്തുക.

അതു കർശനമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അങ്ങനെ ചെയ്യാത്ത 12 പേരുടെ പേരിൽ പ്രോസിക്യൂഷൻ നടപടിയെടുത്തതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(8) ഭക്ഷ്യധാന്യങ്ങളുടെ മേലുള്ള വില്പന നികുതി എടുത്തു കളയുക.

അതു് പെട്ടെന്നു സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : നിത്യോപയോഗസാധനങ്ങളുടെ വില മിനിമം വേജസ്സിന്റെ കീഴിലുള്ള തൊഴിലാളികൾക്കു കൊടുക്കേണ്ടതുകൊണ്ടും ഡിയർനസ്സു് അലവൻസു് കൊടുക്കുന്നകാര്യം നടപ്പിൽവരുത്തുമോ ? ഇന്നു 18 വ്യവസായ സ്ഥാപനങ്ങളിൽ മിനിമം വേജസ്സു് ആക്റ്റു നടപ്പിലാക്കിയിട്ടുണ്ടു്. കോസ്റ്റു ഓഫ് ലിവിംഗ് ഉയർന്നുവന്നിരിക്കുന്നതുകൊണ്ടു് അതിനനുസരിച്ചു് ഡിയർനസ്സു് അലവൻസും കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ? അങ്ങനെ വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അങ്ങനെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. നിർദ്ദേശം വരികയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. ഹസ്സൻഗനി : ഭക്ഷ്യകാര്യത്തിൽ കേന്ദ്രത്തിൽനിന്നും നമുക്കു ഇതുവരെ ലഭിച്ചുകൊണ്ടിരുന്നതിനേക്കാൾ കൂടുതൽ കോട്ട ഈ ആണ്ടിൽ കിട്ടുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. ഈ. പി. പൗലോസു്: ഇടങ്ങഴിഅരിവീതം വിതരണം ചെയ്യുന്നതിനുള്ള നടപടിയാണു് ഇതുവരെ ചെയ്തിരിക്കുന്നതു്. കൂടുതൽ സ്റ്റോക്കു ഉണ്ടെന്നു കാണുകയാണെങ്കിൽ അതു നമുക്കു തരുന്നതിനു് ആവശ്യമായ നടപടികളും സ്വീകരിക്കുവാൻ വിഷമമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : പാലക്കാട്ടു ജില്ലയിൽ മിച്ചവിളയാണെന്നുള്ള ഒരു ഷേപേരിനെ അടിസ്ഥാനമാക്കി അവിടെ മില്ലനം കർക്കടകമാസങ്ങളിൽ മാത്രമേ ന്യായവിലഷാപ്പുകളും തുറക്കുവാൻ കഥന കൊടുത്തിട്ടുള്ള. ആ നില ഇപ്പോൾ മാറിയിട്ടുള്ളതുകൊണ്ടു് മുമ്പു് താൽക്കാലികമായിതുറന്ന ഷാപ്പുകളും ഇപ്പോൾ സ്ഥിരമായി അവിടെ നടത്തുന്നതിനു ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഇപ്പോൾ കൊയ്ത്തെല്ലാം കഴിഞ്ഞിരിക്കുന്നതുകൊണ്ടു് രണ്ടുമൂന്നുമാസംകൂടി മുമ്പോട്ടുപോകുന്നതുകൊണ്ടു് വലിയ ബുദ്ധിമുട്ടു വരികയില്ല എന്നാണു് കരുതുന്നതു്.

കൂടുതൽ കോട്ടാ കേന്ദ്രത്തിൽനിന്നും വരികയോ സ്റ്റോക്കു വർദ്ധിക്കുകയോ ചെയ്യുകയാണെങ്കിൽ അവിടെ സ്ഥിരമായി ഷാപ്പു കൊടുക്കാമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. സി. രാഘവൻനായർ: ഗവണ്മെന്റു എടുത്തുകൊണ്ടിരുന്ന നടപടികളും എല്ലാംതന്നെ പറഞ്ഞു. അതേസമയത്തു സ്റ്റേറ്റു ട്രേഡിംഗ് നടപ്പാക്കുവാൻ വല്ല നിർദ്ദേശവും കേന്ദ്രഗവണ്മെന്റിന്റെ മുമ്പാകെ വച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു്: സ്റ്റേറ്റു ട്രേഡിംഗ് നടപ്പിലാക്കണമെന്നു കാണിച്ചു് കേന്ദ്രഗവണ്മെന്റു മുമ്പാകെ നിർദ്ദേശം വച്ചിട്ടില്ല.

ശ്രീ. കൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് : അരി തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില്പനയെറ്റത്തിനെതിരായി നടത്തിയ നിരാഹാര സത്യാഗ്രഹികളുടെ ബുദ്ധിക്ഷ കാരണം പരിസരപ്രദേശങ്ങളിൽ വിലക്കയറ്റം അമിതമായി വന്നിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ്: നിരാഹാരം അനുഷ്ഠിച്ചതുകൊണ്ട് സാധനങ്ങൾക്ക വില വർദ്ധിച്ചതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : കഴിഞ്ഞ 18 മാസത്തിനുള്ളിൽ ഗവണ്മെൻറിന്റെ മുമ്പിൽ നിവേദനം നടത്തിയിട്ടുള്ളതും ഈ അസംബ്ലിയിൽ പല പ്രാവശ്യവും സൂചിപ്പിച്ചിട്ടുള്ളതുമാണ്, പാലക്കാട്ട ജില്ലയിൽ ന്യായവില ഷാപ്പുകൾ തുറക്കുന്നകാര്യം. പ്രത്യേകിച്ചും കുടിയാന്മല, പയ്യാവൂർ എന്നീ പ്രദേശങ്ങളിൽ ന്യായവില ഷാപ്പുകൾ തുറക്കേണ്ടതു അത്യാവശ്യമാണ്. ഈ അസംബ്ലിയിൽവച്ചുതന്നെ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുതന്നിട്ടുള്ളതുമാണ് അവിടെ ഈ വർഷംതന്നെ ന്യായവില ഷാപ്പുകൾ തുറക്കുന്നതാണ് എന്നു. എന്നാൽ ഇതുവരെ അവിടെ ന്യായവില ഷാപ്പു തുറന്നിട്ടില്ല. ഇങ്ങനെയായാൽ മന്ത്രി തരുന്ന ഉറപ്പിനു യാതൊരു വിലയും ഇല്ലാതെപോകുമെന്നുള്ളതുകൊണ്ട് അവിടെ ഏറ്റവും വേഗം ന്യായവില ഷാപ്പു തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ്: ഏതെങ്കിലും രണ്ടു പ്രദേശങ്ങളെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഡിസംബർ അവസാനത്തിൽ ഇങ്ങോട്ട അയയ്ക്കുവാൻ നിശ്ചയിച്ചിരുന്ന അരിപോലും മറ്റു സ്ഥലങ്ങളിലേയ്ക്കു മാറേണ്ടതായിവന്നു. അതിൽ കുറെ വൈഷമ്യം ഉണ്ടായതുകൊണ്ടാണ് ന്യായവില ഷാപ്പുകൾ തുറക്കുവാൻ താമസം വരുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ്: മുമ്പു മന്ത്രിപറഞ്ഞിട്ടുണ്ട്; സാധനങ്ങളുടെ വിലക്കയറ്റം അരി കമ്പോളത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതെന്നു്. നമ്മുടെ കമ്പോളം മദ്രാസിനേയും, മദ്രാസിലെ കമ്പോളം ആന്ധ്രായേയും ആശ്രയിച്ചാണ് ഇരിക്കുന്നതു്. ഇതിനൊരു സമീകരണ നില ഉണ്ടാക്കുവാൻ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യങ്ങൾ ശരിയാണ്. നമ്മുടെ മാക്കറ്റിലെ വില സാമാന്യമായി മദ്രാസിലേയും ആന്ധ്രായിലേയും വിലയെ ആശ്രയിച്ചിരിക്കുകയാണ്. ഇതു പരിഹരിക്കുവാൻ, ഒരു സമീകരണ നില വരുത്തുവാൻ എന്തു ചെയ്യാൻ കഴിയും എന്നുള്ളതിനെപ്പറ്റി അടുത്തകാലത്തു് ഏറണാകുളത്തു വച്ചുനടന്ന കാൺഫറൻസിൽ വച്ചു് ആലോചിക്കുകയുണ്ടായി. ഡൽഹിയിൽവച്ചുനടന്ന മന്ത്രിമാരുടെ ഒരു കാൺഫറൻസിൽ വച്ചും ഇതേപ്പറ്റി ചർച്ചനടന്നു; ചില നിർദ്ദേശങ്ങളും സ്വീകരിക്കുകയുണ്ടായി. മദ്രാസിനോടും ആന്ധ്രായോടും ന്യായമായ വിലയ്ക്കു് തരണമെന്നു ആവശ്യപ്പെടുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളു.

ഹെൽത്ത സെൻറുകൾ

* 501. [12] ശ്രീ. പി. കെ അബ്ദുൽഖാദർ: * താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംപഞ്ചതിക്കാലത്തു് 1964 ജനുവരി അവസാനംവരെ സ്റ്റേറ്റിൽ ഒട്ടാകെ എത്ര ഹെൽത്ത സെൻറുകൾ സ്ഥാപിച്ചിട്ടുണ്ട്:

(ബി) കൊടുങ്ങല്ലൂരിലെ അഴിക്കോട് ഹെൽത്ത സെൻററിനു പുതിയതായി സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ; അതിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയായോ;

(സി) ഇപ്പോഴത്തെ ഹെൽത്ത സെൻററിൽ സ്ഥല സൗകര്യം ഇല്ലാതെയും മറ്റു വിഷമതകളാലും രോഗികൾക്കും മറ്റും ബുദ്ധിമുട്ടുള്ളതു് ഗവണ്മെൻറു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പുതിയ സ്ഥലത്തു കെട്ടിടം പണിയുന്നതിനുള്ള നടപടികൾ എന്നത്തേക്കു ആരംഭിക്കും?

* Question put by Shri. P. R. Francis.

LIBRARY ARCHIVES Kerala Legislative Assembly